**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3712** **12-03-2025 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. പമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ സി.എൻ.ജി. പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; സി.എൻ.ജി. വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായ എണ്ണം സി.എൻ.ജി. പമ്പുകൾ സംസ്ഥാനത്ത് നിലവിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ഗാർഹിക/ വാണിജ്യ ആവശ്യങ്ങൾക്ക് സി.എൻ.ജി വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/S AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനും (AGPL), പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ M/S. ഷോളഗാസ്കോ ലിമിറ്റഡിനും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/S ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) അംഗീകാരം നൽകിയിട്ടുള്ളത്.<br><br>എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിലവിൽ 43 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. (ആലപ്പുഴ - 15, കൊല്ലം -9, തിരുവനന്തപുരം - 19)<br><br>ഷോളഗാസ്കോ ലിമിറ്റഡിന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നിലവിൽ 5 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മാഹി (കേന്ദ്രഭരണ പ്രദേശം) ജില്ലകളിൽ നിലവിൽ 130 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എറണാകുളം - 19<br><br>തൃശ്ശൂർ, പാലക്കാട് - 41 |

| | | | |
|---|---|---|---|
| | | | മലപ്പുറം - 23<br><br>കണ്ണൂർ, കാസർഗോഡ്, മാഹി - 20<br><br>കോഴിക്കോട് - 27<br><br>ചില ജില്ലകളിൽ ആനുപാതികമായി കുറവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മതിയായ എണ്ണം സി.എൻ.ജി പമ്പുകളുടെ അഭാവം സി.എൻ.ജി. വാഹനങ്ങൾ ഉള്ള ഓട്ടോഡ്രൈവർമാർ ഉൾപ്പെടെയുള്ള ആളുകളെ പ്രതികൂലമായി ബാധിക്കുന്ന വിഷയം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ ഗാർഹിക / വാണിജ്യ ആവശ്യങ്ങൾക്ക് സി.എൻ.ജി വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/S AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനും (AGPL), പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ M/S. ഷോളഗാസ്കോ ലിമിറ്റഡിനും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/S ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) അംഗീകാരം നൽകിയിട്ടുള്ളത്.<br><br>എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിലവിൽ 43 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. (ആലപ്പുഴ - 15, കൊല്ലം -9, തിരുവനന്തപുരം - 19)<br><br>ഷോളഗാസ്കോ ലിമിറ്റഡിന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നിലവിൽ 5 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട്, മാഹി (കേന്ദ്രഭരണ പ്രദേശം) ജില്ലകളിൽ നിലവിൽ 130 സി.എൻ.ജി പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എറണാകുളം - 19<br><br>തൃശ്ശൂർ, പാലക്കാട് - 41<br><br>മലപ്പുറം - 23<br><br>കണ്ണൂർ, കാസർഗോഡ്, മാഹി - 20<br><br>കോഴിക്കോട് - 27 |

| | | | |
|---|---|---|---|
| | | | ചില ജില്ലകളിൽ ആനുപാതികമായി കുറവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സി.എൻ.ജി. പമ്പുകളുടെ കുറവ് എങ്ങനെ പരിഹരിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത് എന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (സി) | സി.എൻ.ജി. പമ്പുകളുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ പമ്പുകൾ സ്ഥാപിക്കുവാൻ കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ട്. 2025-2026 -ഓട് കൂടി എറണാകുളം ജില്ലയിൽ 27 പമ്പുകളും തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 73 പമ്പുകളും മലപ്പുറം ജില്ലയിൽ 42 പമ്പുകളും കോഴിക്കോട്, വയനാട് ജില്ലകളിലായി 40 പമ്പുകളും കണ്ണൂർ, കാസർഗോഡ്, മാഹി എന്നീ പ്രദേശങ്ങളിലായി 40 പമ്പുകളും സ്ഥാപിക്കുവാൻ IOAGPL ഉദ്ദേശിച്ചിരിക്കുന്നത്.<br><br>തിരുവനന്തപുരത്ത് 24 മണിക്കൂർ പ്രവർത്തിക്കുന്ന 2 പമ്പുകളുടെ അനുമതിക്കായി AGPL അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ഒരു പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കൊല്ലം ജില്ലയിൽ ചവറ മേഖലയിൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വരും വർഷങ്ങളിൽ കൂടുതൽ സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുവാൻ ആണ് കമ്പനി ഉദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) | പുതിയ സി. എൻ. ജി. പമ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഡി) | പുതിയ സി.എൻ.ജി. പമ്പുകൾ ആരംഭിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.<br><br>1. PESO (Petroleum and Explosives Safety Organization) യിൽ നിന്നുള്ള പെർമിഷൻ<br><br>2. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് നൽകുന്ന N.O.C.<br><br>3. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അനുമതി<br><br>4. ഡിസ്ട്രിക്ട് ടൗൺ പ്ലാനർ നൽകുന്ന അനുമതി<br><br>5. ഫയർ & റസ്ക്യൂ വകുപ്പ് നൽകുന്ന N.O.C.<br><br>6. വൈദ്യുതി ലഭ്യത<br><br>7. ബിൽഡിംഗ് പെർമിറ്റ്<br><br>8. ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും സി.എൻ.ജി. ഡിസ്പെൻസ് ചെയ്യാനുള്ള അംഗീകാരം |

സെക്ഷൻ ഓഫീസർ